## പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5657 | 06.07.2012-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>" എ.എം.ആരിഫ്<br>" കെ.വി. അബ്ദുൾ ഖാദർ<br>" കെ.കെ.നാരായണൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് ഇനിയും നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ആറാമത്തെ വർഷമാണ് 2012-13. കേരളത്തെ ഒരു അന്തർ ദേശീയ ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ഉദ്ദേശത്തിലെത്താൻ നിരവധി പ്രവർത്തനങ്ങൾ ആവശ്യമാണ്. ഫെസ്റ്റിവൽ സമയത്ത് കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലോകത്തിലെ ഏത് ഉത്പന്നവും ലഭ്യമാക്കുക, സമ്മാനപദ്ധതികൾ കൂടുതൽ ആകർഷകമാക്കുക, മറ്റ് സ്ഥലങ്ങളിൽ ലഭിക്കുന്നതിനേക്കാൾ ലാഭകരമായ ഷോപ്പിംഗ് സന്ദർശകർക്ക് ഉറപ്പാക്കുക, വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് മറ്റു അനുബന്ധ മേഖലകൾ വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. |
| (ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ ; | (ബി) | ഗ്ലോബൽ വില്ലേജ് മാതൃകയിൽ അന്തർദേശീയ തലത്തിലുള്ള ഒരു മെഗാ എക്സിബിഷൻ വ്യാപാരോത്സവ സമയത്ത് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സ്വർണ്ണ സമ്മാനങ്ങൾ കൂടുതൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന തരത്തിൽ ക്രമീകരിക്കാനും മറ്റ് നിരവധി സമ്മാനങ്ങൾ ഉൾപ്പെടുത്തുന്നതിനും, |

വിദേശത്ത് നിന്നും അന്യസംസ്ഥാനത്ത് നിന്നും എത്തുന്ന സഞ്ചാരികൾക്ക് അവർ നടത്തുന്ന ഷോപ്പിംഗിന് നികുതി പൂർണ്ണമായി തിരികെ നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. ഈ തുക സർക്കാരിന് നഷ്ടമുണ്ടാക്കാതെ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താവുന്നതാണ്. വ്യാപാരി സമൂഹത്തിന്റെ പൂർണ്ണമായ പിന്തുണയോടുകൂടി വ്യാപോരോത്സവം ഒരു ജനകീയ ഉൽസവമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്തെ വ്യവസായ-വ്യാപാര-വാണിജ്യ മേഖലയെ പ്രസ്തുത പദ്ധതിയുടെ മുഖ്യ ഭാഗമാക്കി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) ഫെസ്റ്റിവലിന്റെ ഭാഗമായി വിറ്റഴിക്കപ്പെടുന്ന ഉല്പന്നങ്ങൾ സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കുന്നു എന്നുറപ്പാക്കാൻ എന്തെല്ലാം ശ്രമങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഡി) കേരളത്തിനെ ഒരു അന്തർ ദേശീയ ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുക എന്നതാണ് ഉദ്ദേശം. ഫെസ്റ്റിവൽ സമയത്ത് കേരളത്തിന്റെ തനത് ഉല്പന്നങ്ങളും പരമാവധി വിൽക്കാനുള്ള അവസരം വ്യാപാരികൾക്ക് ഒരുക്കിക്കൊടുക്കുന്നു.

(ഇ) ഇതിന്റെ ഭാഗമായി കേരളത്തിന്റെ തനത് ഉല്പന്നങ്ങൾ എന്തെല്ലാം നിലയിൽ പ്രമോട്ടു ചെയ്തു വരുന്നുണ്ട് ?

(ഇ) കേരള ടൂറിസം വകുപ്പിന്റെ കീഴിൽ കേരളത്തിന്റെ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സുവനീർ പ്രോജക്ട് നിലവിലുണ്ട്. ഫെസ്റ്റിവലിന്റെ ഭാഗമായി ഈ പ്രോജക്ട് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ